

# ഡോ. സയ്യിദ് നൂഹ്: വിജ്ഞാനവീഥിയിൽ സമർപ്പിത ജീവിതം

**പി.കെ ജമാൽ**

**നിരവധി** പ്രശസ്ത പണ്ഡിതന്മാർക്ക് അഭയവും ആതിഥ്യവുമരുളിയ പാരമ്പര്യം ഗൾഫ് രാജ്യങ്ങൾക്കുണ്ട്. ഹസൻ തനൂൻ, ശൈഖ് ഹസൻ അയ്യൂബ്, ശൈഖ് അബ്ദുർറഹ്മാൻ അബ്ദുൽ ഖാലിഖ്, ഡോ. സയ്യിദ് നൂഹ്, ഡോ. ഉമർ അശ്ഖർ, പ്രമുഖ സാമ്പത്തിക വിദഗ്ധൻ ഡോ. ഈസാ അബ്ദ, നിയമ-ശരീഅത്ത് വിദഗ്ധൻ സാലിം ബഹൻസാവി എന്നിവർ കുവൈത്ത് ആതിഥ്യമരുളിയ മഹദ്വ്യക്തിത്വങ്ങളിൽ ചിലരാണ്. ഖത്തർ ഡോ. യൂസുഫുൽ ഖറദാവിക്കും സുഊദി അറേബ്യ മുഹമ്മദ് സഈദ് റമദാൻ അൽ ബൂത്വി, മഹ്മൂദുസ്സ്വവ്വാഫ് തുടങ്ങിയ ലോകോത്തര പണ്ഡിതന്മാർക്കും പ്രസ്ഥാന നേതാക്കൾക്കും നവോത്ഥാന നായകന്മാർക്കും ആതിഥ്യമരുളി. ഇവരെല്ലാം ഈ നാടുകളിൽ അധിവാസമുറപ്പിച്ചു. ചിലർ തങ്ങൾ വസിക്കുന്ന രാജ്യത്തിന് പുറത്ത് മരണമടഞ്ഞപ്പോൾ തങ്ങൾക്ക് സംരക്ഷണം നൽകിയ മണ്ണിൽ അടക്കം ചെയ്യപ്പെടാൻ ആഗ്രഹം പ്രകടിപ്പിച്ചവരാണ് വേറെ ചിലർ. കസാഖിസ്താനിൽ അന്ത്യശ്വാസം വലിച്ച ഈജിപ്ഷ്യനായ സാലിം ബഹൻസാവി അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് അനേക വർഷം ജീവിച്ച കുവൈത്തിന്റെ മണ്ണിലാണ് അടക്കം ചെയ്യപ്പെട്ടത്. ഈ പണ്ഡിതശ്രേഷ്ഠരെ ബന്ധപ്പെട്ട രാജ്യങ്ങളിലെ ജനങ്ങൾ ഹൃദയത്തിലിടം നൽകി സ്വീകരിക്കുകയും തങ്ങളുടെ ജീവിതത്തിൽ വെളിച്ചം പരത്തുന്ന പ്രകാശഗോപുരങ്ങളായി പരിഗണിച്ച് സംരക്ഷിച്ചുപോരുകയും ചെയ്തു. സമീപ ദശകങ്ങളിലെ ആവേശകരമായ ഇസ്‌ലാമിക മുന്നേറ്റങ്ങളുടെ അമരത്ത് ഈ മഹദ്വ്യക്തിത്വങ്ങളുടെ സജീവ സാന്നിധ്യം ദൃശ്യമാണ്. ബഹുജനങ്ങളുടെയും പുത്തൻ തലമുറയുടെയും ചിന്താമണ്ഡലങ്ങളിൽ സാരവത്തായ മാറ്റങ്ങൾക്ക് അടിത്തറ പാകുകയും രാജ്യത്തിന്റെ പ്രയാണം ഇസ്‌ലാമിക ദിശയിലേക്ക് തിരിച്ചുവിടാൻ നിമിത്തമാവുകയും ചെയ്ത ഈ പണ്ഡിതപ്രതിഭകൾ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

അബൂബദ്ർ എന്ന പേരിൽ വിശ്രുതനായ അബ്ദുല്ലാ അലി അൽ മുത്വവ്വയുടെ നിര്യാണം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുന്നതിനിടെ കുവൈത്തിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിനും വിജ്ഞാന മേഖലക്കും ഉണ്ടായ കനത്ത നഷ്ടമാണ് പണ്ഡിതശ്രേഷ്ഠനും പ്രബോധകനുമായ ഡോ. സയ്യിദ് നൂഹിന്റെ മരണം. കഴിഞ്ഞ ഏതാനും വർഷങ്ങളായി മാരകരോഗത്തിന്റെ പിടിയിലായിരുന്നിട്ടും ആരോഗ്യം വീണ്ടെടുക്കുന്ന ഇടവേളകളിലെല്ലാം ആ മഹാനുഭാവൻ വിശ്രമമില്ലാതെ നിരന്തര പ്രവർത്തനങ്ങളിലേർപ്പെട്ടു. അന്ത്യശ്വാസം വലിക്കുന്നതുവരെയും കർമമണ്ഡലത്തിൽ ഉറച്ചുനിന്ന സയ്യിദ് നൂഹ് അനുപമമായ മാതൃകകൾ കാഴ്ചവെച്ചാണ് കടന്നുപോയത്.

ജൂലൈ 30 തിങ്കളാഴ്ച കുവൈത്തിലെ സ്വബാഹ് ഹോസ്പിറ്റലിലായിരുന്നു അന്ത്യം. കുവൈത്തിലെ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് മുൻനിരയിൽനിന്ന് നേതൃത്വം നൽകിയ ഡോ. നൂഹ്, തന്റെ അറിവും വിജ്ഞാനവും ജനങ്ങളിലേക്ക് പകരാൻ കിട്ടിയ ഒരു സന്ദർഭവും പാഴാക്കിയില്ല. അൽ അസ്ഹർ യൂനിവേഴ്സിറ്റിയിലും കുവൈത്ത് യൂനിവേഴ്സിറ്റിയിലും പ്രഫസറായ ഡോ. നൂഹ് ഗ്രന്ഥകാരൻ, ചിന്തകൻ, വാഗ്മി, ഗവേഷകൻ, ഗവേഷണ വിദ്യാർഥികൾക്ക് ഗൈഡ് എന്നീ നിലകളിലെല്ലാം പ്രശസ്തനായി. വിവിധ രാജ്യങ്ങളിൽ പ്രഭാഷണ പര്യടനങ്ങൾ നടത്തിയിട്ടുണ്ട്. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ താത്ത്വികാചാര്യന്മാരിൽ പെട്ട ഡോ. നൂഹിന്റെ ക്ലാസ്സുകളിലും പ്രഭാഷണങ്ങളിലും ശൈഖ് ഹസനുൽ ബന്നായുടെ ചിന്തകളോടും വിചാരങ്ങളോടുമുള്ള അദമ്യമായ ബന്ധം വായിച്ചെടുക്കാൻ കഴിയും.

കുവൈത്തിലെ സുലൈബിഖാത്ത്

ഖബ്റിസ്താനിൽ തങ്ങളുടെ പ്രിയ പണ്ഡിതനെ യാത്രയയക്കാൻ ആയിരങ്ങളാണ് എത്തിയത്. കുവൈത്ത് ഗവൺമെന്റിന്റെ ഔദ്യോഗിക പ്രതിനിധികൾ, ഇഖ്വാൻ-സലഫി നേതാക്കൾ, പ്രസ്ഥാന നായകന്മാർ, പണ്ഡിതന്മാർ, യൂനിവേഴ്സിറ്റി-കോളേജ് മേധാവികൾ, നാനാതുറകളിലുള്ള സാധാരണക്കാർ,വിവിധ രാജ്യക്കാരായ ശിഷ്യഗണങ്ങളും അനുയായികളും, കുവൈത്തിലെ ഈജിപ്ഷ്യൻ അംബാസഡർ, അൽ അസ്ഹർ യൂനിവേഴ്സിറ്റി പ്രതിനിധി, പാർലമെന്റംഗങ്ങൾ തുടങ്ങി കുവൈത്ത് സമൂഹത്തിന്റെ ഒരു പരിഛേദം തന്നെ ഡോ. നൂഹിന്റെ ജനാസ നമസ്കാരത്തിലും ഖബ്റടക്കത്തിലും പങ്കുകൊണ്ടു.

അർബുദ രോഗത്തെത്തുടർന്ന് ചൈനയിൽ നടന്ന കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയക്കു ശേഷം കുവൈത്തിൽ തിരിച്ചെത്തി സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരികയായിരുന്നു അദ്ദേഹം. വ്യക്തി, കുടുംബം, സമൂഹം എന്നീ അടിസ്ഥാന ഘടകങ്ങളുടെ സംസ്കരണത്തിലൂടെ നടക്കേണ്ട ഇസ്‌ലാമിക വിപ്ലവത്തിന്റെ ഉറച്ച വക്താവായിരുന്നു അദ്ദേഹം. ക്ലാസ്സിനോ പ്രഭാഷണത്തിനോ ക്ഷണിച്ചാൽ ഒരു മുടക്കവും പറയാതെ സന്തോഷത്തോടെ ക്ഷണം സ്വീകരിച്ച് വേദിയിൽ ആദ്യമെത്തുന്ന വ്യക്തി അദ്ദേഹമായിരിക്കും. ഡോ. നൂഹ് ഖുത്ബ നിർവഹിച്ചിരുന്ന ഹവല്ലിയിലെ മസ്ജിദുൽ വസ്സാൻ ജുമുഅ തുടങ്ങുന്നതിനു മുമ്പേതന്നെ ശ്രോതാക്കളാൽ നിറഞ്ഞുകവിയും. ഹൃദയദ്രവീകരണക്ഷമമായ വിഷയാവതരണത്താൽ വ്യതിരിക്തത പുലർത്തിയ ആ ഖുത്ബകൾ ആയിരങ്ങൾക്ക് കർമാവേശം പകർന്നു. ഖുർആൻ സൂക്തങ്ങളും ഹദീസുകളും ഉദ്ധരിച്ചുള്ള യുക്തിഭദ്രമായ അവതരണമാണ് ഓരോ ഖുത്ബയും. ഗഹനമായ ആശയങ്ങൾ വരെ ശ്രോതാക്കൾക്ക് എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കുന്ന ഭാഷാ ലാളിത്യവും പദവിന്യാസവും. ഖുത്ബകളിലെ ഈ 'നൂഹ് ശൈലി' ഔഖാഫ് മന്ത്രാലയം മാതൃകയാക്കി അവതരിപ്പിക്കാറുണ്ടായിരുന്നു. മുസ്‌ലിം സമൂഹത്തിന്റെ ഐക്യത്തിൽ ഉത്സുകനായ ഒരു പരിഷ്കർത്താവിന്റെ ശബ്ദം ആ മിമ്പറുകളിൽ മുഴങ്ങി. ഫലസ്തീൻ ഉൾപ്പെടെ ലോക മുസ്‌ലിം സമൂഹത്തിന്റെ ദുഃഖനിമിത്തങ്ങളായ നിരവധി പ്രശ്നങ്ങളിലേക്ക് ജനശ്രദ്ധ തിരിക്കാനും അവയോട് സചേതനമായി പ്രതികരിക്കേണ്ടത് തങ്ങളുടെ മതപരവും മാനുഷികവുമായ ബാധ്യതയാണെന്ന് ബഹുജനങ്ങളെ ബോധ്യപ്പെടുത്താനും അദ്ദേഹം ഖുത്ബകളെ പ്രയോജനപ്പെടുത്തി.

## ഡോക്ടർ സയ്യിദ് നൂഹ്

- 1971-ൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദം
- 1973-ൽ അസ്ഹറിൽനിന്ന് മാസ്റ്റർ ബിരുദം.
- 'ഹാഫിള് അബുൽ ഹജ്ജാജ് യൂസുഫുൽ മുസിയുടെ ജീവിതവും തഹ്ദീബുൻ കമാൽ രചന സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രയത്നങ്ങളും' എന്ന ഗവേഷണ പ്രബന്ധത്തിന് അസ്ഹറിൽനിന്ന് ഡോക്ടറേറ്റ്.
- അസ്ഹർ യൂനിവേഴ്സിറ്റിയിൽ ഹദീസ് പ്രഫസർ.
- 1981-1982-ൽ ഖത്തർ കുല്ലിയത്തുശ്ശരീഅയിൽ വിസിറ്റിംഗ് പ്രഫസർ.
- 1981-1991-ൽ യു.എ.ഇ യൂനിവേഴ്സിറ്റിയിൽ 'തഫ്സീറും വിജ്ഞാനങ്ങളും', 'ഹദീസും വിജ്ഞാനീയങ്ങളും' എന്ന വിഷയത്തിൽ പ്രഫസർ.
- 1991-1993 ദുബൈ മെഡിക്കൽ കോളേജിൽ സഖാഫത്തുൽ ഇസ്‌ലാമിയ്യ, ഉസ്വൂലുദ്ദീൻ വിഭാഗത്തിൽ പ്രഫസർ.
- 1993-1999-ൽ കുവൈത്ത് യൂനിവേഴ്സിറ്റിക്ക് കീഴിലുള്ള ശരീഅ കോളേജിൽ പ്രഫസർ.
- കുവൈത്ത് യൂനിവേഴ്സിറ്റിയിൽ ഹദീസ് വിജ്ഞാനീയങ്ങളിൽ പ്രഫസർ.
- കുല്ലിയത്തുശ്ശരീഅ അക്കാദമിക് കൗൺസിൽ അംഗം.
- നിരവധി ഗവേഷണ വിദ്യാർഥികളുടെ ഗൈഡ്.
- 16 ഗവേഷണ പ്രബന്ധങ്ങളും പഠനങ്ങളും പ്രസിദ്ധീകരിച്ചു.
- ഹദീസ് സേവനത്തിൽ പണ്ഡിതന്മാരുടെ പങ്കിനെക്കുറിച്ച് കുവൈത്ത് റേഡിയോയിൽ ദീർഘകാലം പ്രക്ഷേപണം ചെയ്ത പ്രോഗ്രാം.
- *അൽ മുജ്തമഅ്/ അൽവഅയുൽഇസ്‌ലാമി* പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം കോളമിസ്റ്റ്.
- പ്രധാനപ്പെട്ട 20 ഗ്രന്ഥങ്ങൾ രചിച്ചു.
- 'പ്രവാചക മാർഗനിർദേശങ്ങൾ', 'വഴിയിലെ വിപത്തുകൾ', 'സുന്നത്തിന്റെ ചരിത്രവും ഹദീസ് വിദഗ്ധരുടെ കർമസരണിയും' തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രഖ്യാതമാണ്.

ഡോ. സയ്യിദ് നൂഹുമായി *ഇഖ്‌വാൻ ഓൺലൈൻ* പ്രതിനിധി നടത്തിയ ഒരഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കുന്നത് അദ്ദേഹത്തിന്റെ വിഷയങ്ങളിലെയും കാഴ്ചപ്പാടുകളിലെയും മൗലികത മനസ്സിലാക്കാൻ ഉതകും:

*ഈ കാലഘട്ടത്തിലെ പ്രബോധകന്മാരെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?*

പ്രബോധകന്മാർ എന്നതുകൊണ്ട് ഔദ്യോഗിക പട്ടമുള്ള പണ്ഡിതന്മാരാണ് വിവക്ഷയെങ്കിൽ, തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വം അവർ യഥാവിധി നിറവേറ്റുന്നില്ലെന്നാണ് എന്റെ വിനീതമായ വിലയിരുത്തൽ. ഇനി പ്രബോധകന്മാർ എന്നതുകൊണ്ട്, ക്ലേശങ്ങളും പ്രയാസങ്ങളും സഹിച്ച് ഇസ്‌ലാമിക പ്രബോധനത്തിന് അഹോരാത്രം പരിശ്രമിക്കുന്ന വ്യക്തിത്വങ്ങളാണ് വിവക്ഷയെങ്കിൽ ദീനിലേക്കുള്ള ക്ഷണവും സമൂഹത്തിന്റെ ഉന്നമനവും ലക്ഷ്യമാക്കി ഏറക്കുറെ തൃപ്തികരമായ സേവനങ്ങളാണ് അവർ കാഴ്ചവെക്കുന്നതെന്ന് ഞാൻ പറയും.

*തൊണ്ണൂറുകൾക്ക് മുമ്പുള്ള കാലഘട്ടത്തിന്റെ പ്രത്യേകത, ഇസ്‌ലാമുമായി ബന്ധപ്പെട്ട ഏതു വിഷയങ്ങളിലും പ്രമാണങ്ങളുടെ വെളിച്ചത്തിൽ ശൈഖ് മുഹമ്മദുൽ ഗസാലി, ശൈഖ് അബ്ദുൽ ഹമീദ് കശ്ക്, ശൈഖ് അദവി പോലുള്ള പ്രബോധകന്മാരായ പണ്ഡിതശ്രേഷ്ഠർ പ്രതികരിക്കുമെന്നതായിരുന്നു. ഈ രീതി ഇപ്പോൾ അത്യപൂർവമായിരിക്കുകയല്ലേ?*

ശൈഖ് മുഹമ്മദുൽ ഗസാലി, അബ്ദുൽ ഹമീദ് കശ്ക്, അദവി പോലുള്ള പണ്ഡിതശ്രേഷ്ഠരൊന്നും ഇപ്പോൾ രംഗത്തില്ല; ചുരുക്കം പേരൊഴികെ. കുറഞ്ഞ വരുമാനത്തിലും ജീവിതസൗകര്യങ്ങളിലും തൃപ്തിപൂണ്ട് സന്തോഷത്തോടെ ജീവിതം നയിക്കാൻ തങ്ങളെ പ്രാപ്തരാക്കുന്ന സമഗ്രമായ തർബിയത്ത് ലഭിച്ച അനുഗൃഹീത വ്യക്തിത്വങ്ങളായിരുന്നു അവർ. ഒരിക്കൽ ശൈഖ് മുഹമ്മദുൽ ഗസാലി പറഞ്ഞത് ഞാനോർക്കുകയാണ്: "ഇസ്‌ലാമിനെ മതം, ആരാധന, ജീവിതവ്യവസ്ഥ, നിയമങ്ങൾ, വിധികൾ, സദാചാരസംഹിത, സംസ്കാരത്തിന്റെ ആസ്പദം തുടങ്ങി എല്ലാറ്റിന്റെയും അടിസ്ഥാനസ്രോതസ്സായി കണ്ട് ദൈവിക ദീനിനോടൊപ്പം

ജീവിക്കുകയായിരുന്നു ഞങ്ങൾ. ഞങ്ങൾക്ക് മറ്റൊരു ജീവിതമില്ല. ആ സാകല്യത്തിൽനിന്ന് വേർപ്പെട്ട അസ്തിത്വവുമില്ല. ഇന്ന് സ്ഥിതിമാറി. വിജ്ഞാന രംഗം രോഗാതുരമാണ്, ദുർബലമാണ്. പുറന്തൊലി പ്രധാനമായ അറിവും വിജ്ഞാനസാഗരത്തിന്റെ ആഴങ്ങളിൽ ഇറങ്ങാത്ത ഉപരിപ്ലവ പഠനവുമാണിന്ന്. വിജ്ഞാനം സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും ഭാഗമാക്കുന്നതിനു പകരം അക്ഷരങ്ങളിൽ അഭിരമിക്കുന്ന പ്രവണതയാണ് കാണുന്നത്. ഇഹലോകത്തിന്റെ ആഡംബരപ്രമത്തതകളിൽ മുഴുകി സുഖലോലുപരായി ജീവിക്കാനുള്ള ത്വര വിജ്ഞാനവീഥിയിൽനിന്ന് അവരെ അകറ്റുകയും ചെയ്തു.”

*ഈ ദുഃസ്ഥിതിയിൽനിന്ന് ഒരു മോചനം?*

പൂർവസൂരികളായ പണ്ഡിത ശ്രേഷ്ഠരുടെ നിസ്തുല മാതൃക തിരികെ കൊണ്ടുവരാനുള്ള മാർഗം, അന്യംനിന്നുപോയ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും പൈതൃകം കാത്തുസൂക്ഷിക്കാനുള്ള ഇഛാശക്തി കൈമുതലാക്കിയ ഒരു നവതലമുറയുടെ ഉദയമാണ്. പ്രാചീനവും സമകാലികവുമായ യാഥാർഥ്യങ്ങളെയും പ്രശ്നങ്ങളെയും കാലത്തിന്റെ ഭാഷയിൽ അപഗ്രഥിക്കുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന വിജ്ഞാനധനരായ ഒരു തലമുറക്ക് പൂർവപ്രതാപത്തിന്റെ പ്രതീകങ്ങളായ പണ്ഡിതശ്രേഷ്ഠരെപ്പോലുള്ള ഒരു പുതിയ നിരയെ പുനഃസൃഷ്ടിക്കാൻ കഴിയും.

*കലാകാരന്മാരും കായിക പ്രതിഭകളും മറ്റും പണം വാരിക്കൂട്ടി ജീവിക്കുന്ന ഇക്കാലത്ത് പ്രബോധകന്മാർ ജീവിതത്തിന്റെ രണ്ടറ്റങ്ങളും കൂട്ടിമുട്ടിക്കാനാവാതെ ഞെരുങ്ങുകയാണ്. ജീവിതപ്രയാസങ്ങളെ പ്രബോധകന്മാർ എങ്ങനെ അതിജീവിക്കും? പ്രബോധനബാധ്യത നിറവേറ്റാൻ അവർക്കെങ്ങനെ കഴിയും?*

അല്ലാഹു നൽകിയതിൽ സംതൃപ്തരായി, ധന്യരായി ജീവിക്കാൻ പഠിക്കുകയാണാവശ്യം. ഇസ്ലാമിക പ്രബോധനത്തെ കേന്ദ്ര വിഷയമാക്കി സമയവും സൗകര്യവും അതിനനുസരിച്ച് ക്രമപ്പെടുത്തുകയാണ് വേണ്ടത്. പരലോകത്താണ് നമുക്ക് പൂർണ സൗഖ്യം വിധിച്ചിട്ടുള്ളതെന്ന ഓർമ വേണം. ദൈവസ്മരണ, ആത്മീയചിന്തയുടെ പരിപോഷണം, വിശ്വാസത്തിലൂടെ ജീവിതസാഫല്യം എന്നീ അടിസ്ഥാനങ്ങൾക്ക് ഹൃദയത്തിൽ മതിയായ ഇടം നൽകിയാൽ ചുറ്റിലുമുള്ള വിഭ്രാമകമായ ഭൗതികതയെ ചെറുത്തുനിൽക്കാനും പ്രബോധന പ്രവർത്തനത്തിൽ മുന്നേറാനും കഴിയും. ഇതാവാം ഈ പ്രവാചകവചനത്തിന്റെ പൊരുൾ: ‘ഞാൻ എന്റെ രക്ഷിതാവിന്റെ സന്നിധിയിലാണ് രാപ്പാർക്കുന്നത്. അവൻ എനിക്ക് ആഹാരപാനീയങ്ങൾ നൽകുന്നു.’

*വിവര-വിജ്ഞാന സാങ്കേതികതയുടെ കുതിച്ചുചാട്ടം നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നിരവധി ഇന്റർനെറ്റ് സൈറ്റുകളുണ്ട്, ചാനലുകളുണ്ട്. ഇവ ഇസ്ലാമിന്റെ സന്ദേശ പ്രചാരണത്തിന് എങ്ങനെ ഉപയോഗപ്പെടുത്താം?*

ആധുനിക മാധ്യമങ്ങളെല്ലാം ഇസ്ലാമിന്റെ പ്രബോധനത്തിനും പ്രചാരണത്തിനും ഉപയോഗപ്പെടുത്തണം. ഈ രംഗത്ത് കഴിവും യോഗ്യതയുമുള്ളവർ കൂടുതൽ പരിശീലനം നേടണം. നമ്മുടെ സമൂഹത്തിൽ ഈ രംഗത്ത് പരിജ്ഞാനമുള്ളവർ വേണ്ടത്രയുണ്ട്. യോഗ്യരായവർ പരിശീലനത്തിലൂടെ വൈദഗ്ധ്യം നേടി ഈ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അവൻ പാപിയാണ്. ■